"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.ജോൺ വർഗ്ഗീസ്, ട്രസ്റ്റീ, ശാലോം മാർ തോമാ ചർച്ച്, തടിയൂർ, കൊളഭാഗം.പി.ഒ, തോട്ടപ്പുഴശ്ശേരി, പത്തനംതിട്ട സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.480/2026/ID തീയതി,തിരുവനന്തപുരം, 24-04-2026

---

പരാമർശം:-

1. പത്തനംതിട്ട ജില്ലാ ജിയോളജിസ്റ്റിന്റെ 18.10.2024 തീയതിയിലെ 618/ഡിഒപിറ്റിഎ/എം/2024 നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീ.ജോൺ വർഗ്ഗീസ്, ട്രസ്റ്റീ, ശാലോം മാർ തോമാ ചർച്ച്, തടിയൂർ, കൊളഭാഗം.പി.ഒ, തോട്ടപ്പുഴശ്ശേരി, പത്തനംതിട്ട 08/11/2024 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി.
3. ശ്രീ. തോമസ് ജേക്കബ്, വള്ളോലിക്കുഴിയിൽ വീട്, കോളഭാഗം, പി.ഒ., തടിയൂർ, തിരുവല്ല, പത്തനംതിട്ട 07/01/2025 തീയതിയിൽ സമർപ്പിച്ച പരാതി
4. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 11.02.2025 തീയതിയിലെ ഡി.എം.ജി/190/2025-എം5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കിൽ തോട്ടപ്പുഴശ്ശേരി വില്ലേജിൽ സർവ്വേ നമ്പർ 134/11, 134/9-1 ൽപ്പെട്ടതും, ശ്രീ.ജോൺ വർഗ്ഗീസ്, ട്രസ്റ്റീ, ശാലോം മാർ തോമാ ചർച്ച്, തടിയൂർ, കൊളഭാഗം.പി.ഒ, തോട്ടപ്പുഴശ്ശേരി, പത്തനംതിട്ട എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്തുനിന്നും സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 701.97 m3 സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അനുമതി നൽകിയിരുന്നുവെങ്കിലും ജില്ലാ ഓഫീസിന്റെ തുടർപരിശോധനയിൽ അനുമതിയിൽ കവിഞ്ഞ് 2536 MT ധാതു പുറത്തേക്ക് കടത്തിയതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി മണ്ണിന്റെ അഞ്ചിരട്ടി റോയൽറ്റിയായ 5,07,214 രൂപ അടയ്ക്കുന്നതിനും, അടയ്ക്കാത്ത പക്ഷം ഇനി ഒരു അറിയിപ്പ് ഇല്ലാതെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ച് 18/10/2024 തീയതിയിൽ പത്തനംതിട്ട ജിയോളജിസ്റ്റ് നൽകിയ പരാമർശം (1) പ്രകാരമുള്ള ഡിമാന്റ് നോട്ടീസിനെതിരെ ശ്രീ.ജോൺ വർഗ്ഗീസ്, ട്രസ്റ്റീ, ശാലേം മാർ തോമാചർച്ച്, തടിയൂർ, കൊളഭാഗം.പി.ഒ, തോട്ടപ്പുഴശ്ശേരി, പത്തനംതിട്ട പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ അപേക്ഷയ്ക്കാധാരമായ സ്ഥലത്തെ അനധികൃത മണ്ണെടുപ്പിനെതിരെ പത്തനംതിട്ട ജില്ല കുറിയന്നൂർ ശാലേം മാർത്തോമ്മ ഇടവകാംഗം ശ്രീ.തോമസ് ജേക്കബ്, തിരുവല്ല പരാമർശം (3) പ്രകാരം ഒരു പരാതിയും സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

3. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ടും, ശ്രീ.തോമസ് ജേക്കബ്, തിരുവല്ല സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ടും അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 29.1.2025 ന നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, ശ്രീ.തോമസ് ജേക്കബും, പത്തനംതിട്ട ജില്ലാ ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുക്കുകയുണ്ടായി.

4. പള്ളിയുടെ പാഴ്സനേജ് നിർമ്മിക്കുന്നതിനായി പെർമിറ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 1584 മെ. ടൺ മണ്ണ് ഖനനം നടത്തി നീക്കം ചെയ്യുന്നതിനായി മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും പെർമിറ്റ് അനുവദിച്ചിരുന്നു. എന്നാൽ വസ്തു ലവൽ ചെയ്യുന്നതിനായി അധികമായി 100 മെ. ടൺ മണ്ണ് ഖനനം ചെയ്തെടുത്ത് പ്രസ്തുത സ്ഥലം നിരപ്പാക്കുകയായിരുന്നു. അല്ലാതെ മണ്ണ് അവിടെ നിന്നും നീക്കം ചെയ്തിട്ടില്ല. കൂടാതെ അപ്പീൽ കക്ഷിയുടെ സാന്നിദ്ധ്യത്തിലല്ല പരിശോധന നടത്തിയത്.

5. പരാതിക്കാരനായ ശ്രീ. തോമസ് ജേക്കബ് ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

മൈനിംഗ് & ജിയോളജി വകുപ്പ് ജില്ലാ കാര്യാലയം പത്തനംതിട്ട, കേന്ദ്രീയ വിദ്യാലയത്തിന് സമീപം കെ.ഐ.പി. ബിൽഡിംഗ്, അടൂർ പി. ഒ യിൽ നിന്നും കുറിയന്നൂർ ശാലോം മാർത്തോമ്മാ, ഇടവക തിരുവല്ല താലൂക്കിൽ തോട്ടപ്പുഴശ്ശേരി വില്ലേജിൽ സർവ്വെ നം. 134/11, 9-1 ൽ പ്പെട്ടതുമായ സ്ഥലത്തു നിന്നും സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 791.97$M^3$ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് അനുവാദം കൊടുത്തതിൽ കൂടുതൽ, അനുമതിയിൽ കവിഞ്ഞ് 2536.06 മെ. ടൺ മണ്ണ് അനധികൃതമായി ഖനനം ചെയ്ത് പുറത്തേക്ക് കടത്തിയതായി മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ജിയോളജിസ്റ്റ് (സ്ക്വാഡ്) വന്നു വീണ്ടും അളന്നു നോക്കി തിട്ടപ്പെടുത്തിയതാണ്.

ഇവിടെനിന്നും അനധികൃതമായി മണ്ണ് ഖനനം ചെയ്തു പുറത്തേക്ക് കടത്തിയതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ പള്ളിയിലെ തന്നെ ധാരാളം അംഗങ്ങൾ അടൂർ മൈനിംഗ് & ജിയോളജി വകുപ്പിന് പരാതി നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് വീണ്ടും അവിടെനിന്നും വന്ന് അളന്നുനോക്കിയപ്പോൾ അനധികൃതമായി ഖനനം നടത്തിയതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. വീണ്ടും അളന്ന് നോക്കിയ സമയത്ത് പരാതി നൽകിയ ഈ പള്ളിയിലെ അംഗങ്ങൾ കൂടാതെ ആ സ്ഥലത്തു താമസിക്കുന്ന വീട്ടുകാരും ഉണ്ടായിരുന്നു. കൃത്യമായി അളന്ന് തിട്ടപ്പെടുത്തിയ F I R ൽ ഇടവക അംഗങ്ങളായ ഞങ്ങളും ആ നാട്ടുകാരും ഒപ്പിട്ട് നൽകിയിട്ടുണ്ട്. അതുപോലെ അടുത്ത ഒരു വീടിന്റെ അടിവാരം വരെ മണ്ണ് എടുത്തതിനാൽ അവർ ഭയന്നാണ് കഴിയുന്നത്.

18/10/2024 മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും നം.618/DOPTA/M/24/ അനധികൃതമായി ഖനനം ചെയ്ത് നീക്കിയ 2536.06 മെ. ടൺ മണ്ണിന്റെ 5 ഇരട്ടി റോയൽറ്റി ആയ 5,07,212.00 രൂപ ഈ നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ അടയ്ക്കാത്തപക്ഷം ഇനി ഒരു അറിയിപ്പ് ഇല്ലാതെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും ആയതിലേക്ക് ഈ നോട്ടീസ് തീയതി മുതലുള്ള 12% പിഴ പലിശ കൂടി നിയമാനുസൃതം താങ്കൾ ഒടുക്കേണ്ടി വരുന്നതാണെന്നും അറിയിക്കുന്നു എന്ന് ഡിമാന്റ് നോട്ടീസ് ട്രസ്റ്റി ശ്രീ. ജോൺവർഗ്ഗീസ്, ശ്രീ. കെ. ജി. ഫിലിപ്പ്, കുറിയന്നൂർ ശാലോം മാർത്തോമ്മ പള്ളി, തോട്ടപ്പുഴശ്ശേരി വാർഡ് - 3, തിരുവല്ല എന്ന വിലാസത്തിൽ അറിയിച്ചിരുന്നു. ഈ പള്ളിയിലെ അംഗങ്ങളിൽ 80% പേരും ഈ അനധികൃത ഖനനം നടത്തി പണം സമ്പാദിച്ച വ്യക്തിക്കെതിരെ നീങ്ങിയതിന്റെ അടിസ്ഥാനത്തിൽ 2023-2024 ലെ പള്ളിയുടെ വാർഷിക കണക്ക് അവതരിപ്പിക്കുവാനോ, അത് പാസ്സാക്കുവാനോ ഇന്നുവരെയും കഴിഞ്ഞില്ല. ഇതിനെല്ലാം ഇപ്പോഴത്തെ വികാരി കൂട്ടാണ്.

ആയതിനാൽ അനധികൃതമായി ഖനനം ചെയ്തു നീക്കിയ 2536.06 മെ. ടൺ മണ്ണിന്റെ 5 ഇരട്ടി റോയൽറ്റിയായ 5,07,212/- രൂപ ഗവൺമെന്റ് ഈടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഗവൺമെന്റിന് ഭീമമായ നഷ്ടം വരുത്തി അനധികൃതമായി മണ്ണ് ഖനനം ചെയ്ത് നീക്കിയതിന് നടപടി ഉണ്ടാകേണ്ടതാണ്.

6. അപ്പീൽ ഹർജി സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ തോട്ടപ്പുഴ ശ്ശേരി വില്ലേജിൽ സർവ്വെ നം. 134/11, 9-1 ൽ പ്പെട്ട സ്ഥലത്തു കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്യുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപ്പീൽ പെറ്റീഷണറായ ശ്രീ. ജോൺ വർഗ്ഗീസ്, ട്രസ്റ്റി, ശാലോം മാർത്തോമ്മാ ചർച്ച്, തടിയൂർ 28/11/2022 ൽ പത്തനം തിട്ട ജില്ലാഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷയോടൊപ്പം തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ C2-BA(330570)/2022 തീയതി 21/10/2022 നമ്പർ ബിൽഡിംഗ് പെർമിറ്റ്, ഡവലപ്മെന്റ് സ്കെച്ച് എന്നിവ ഉള്ളടക്കം ചെയ്തിരുന്നു. ഡവലപ്മെന്റ് സ്കെച്ചിൽ കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി 791.97 ക്യുബിക് മീറ്റർ (1584 മെ. ടൺ) സാധാരണ മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടെന്നാണ് പരാമർശിച്ചിട്ടുള്ളത്. അപേക്ഷയും അനുബന്ധ രേഖകളും ക്രമപ്രകാരമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസിൽ നിന്നും 11/01/2023 ന് സ്ഥലപരിശോധന നടത്തുകയും റോയൽറ്റിയായി 31,680/- രൂപ ഈടാക്കി 17/04/2023 മുതൽ 22/04/2023 വരെ കാലാവധിയിൽ അനുമതി നൽകുകയും ചെയ്തിരുന്നു. അനുമതി നൽകിയതിനേക്കാൾ കൂടുതൽ മണ്ണ് നീക്കം ചെയ്തതായുള്ള ശ്രീ.തോമസ് ജേക്കബ് മുതൽ പേരിന്റെ പരാതി 1/07/2023 തീയതിയിൽ ലഭിച്ചിരുന്നു. പരാതിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരുടെ സാന്നിധ്യത്തിൽ ജില്ലാ ഓഫീസിൽ നിന്നും സ്ഥലപരിശോധന നടത്തിയിരുന്നു. പരിശോധനയിൽ താഴെ കൊടുക്കുന്ന അളവിൽ മണ്ണ് നീക്കം ചെയ്തതായി ബോധ്യപ്പെട്ടിട്ടുണ്ട്.

a. 22 മീറ്റർ (നീളം) x 20 മീറ്റർ (വീതി) x 3മീറ്റർ (ഉയരം) =1320 ക്യുബിക് മീറ്റർ
b. 20 മീറ്റർ (നീളം) x 20 മീറ്റർ (വീതി) x 1.6മീറ്റർ (ഉയരം) =640 ക്യുബിക് മീറ്റർ

c. 10 മീറ്റർ (നീളം) x 10 മീറ്റർ (വീതി) x 1മീറ്റർ (ഉയരം) =100 ക്യൂബിക് മീറ്റർ ആകെ ഖനനം ചെയ്ത ധാതുവിന്റെ അളവ് = a+ b +c =1320 640+ 100മെ. ടൺ = 2060ക്യൂബിക് മീറ്റർ

അനുമതി നൽകിയ മണ്ണിന്റെ അളവ് =1584മെ. ടൺ

അനധികൃതമായി നീക്കം ചെയ്ത മണ്ണിന്റെ അളവ് =4120-1584= 2536 മെ. ടൺ

അനധികൃത ഖനനം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ പെറ്റീഷനർ / പെർമിറ്റ് ഉടമയോട് വിശദീകരണം ആവശ്യപ്പെട്ട് 6/09/2024 തീയതിയിൽ നോട്ടീസ് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 13/09/2024 തീയതിയിൽ അപ്പീൽ പെറ്റീഷനർ ഓഫീസിൽ ഹാജരാകുകയും തോട്ടപ്പുഴശ്ശേരി പഞ്ചായത്ത് എഞ്ചിനീയർ മുഖാന്തിരം അളവ് തിട്ടപ്പെടുത്തി ഹാജരാക്കാമെന്നും ആയത് വരെ നിയമനടപടി സ്വീകരിക്കരുതെന്നും ജില്ലാ ഓഫിസിനെ രേഖാമൂലം അറിയിച്ചിരുന്നു. എന്നാൽ 1 മാസക്കാലയളവ് അനുവദിച്ചിട്ടും ഇപ്രകാരമുള്ള രേഖ ഹാജരാക്കാത്ത സാഹചര്യത്തിലും അനധികൃത ഖനനം പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും 18/10/2024 ന് അപ്പീൽ പെറ്റീഷനർക്ക് ഡിമാന്റ് നോട്ടീസ് നൽകിയിരുന്നു. ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക അപ്പീൽ പെറ്റീഷനർ നാളിതുവരെ അടച്ചിട്ടില്ലാത്തതാണ്.

കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്യുവാൻ അനുമതി നൽകിയതിന്റെ മറവിൽ 2536 മെ. ടൺ സാധാരണ മണ്ണ് അനധികൃതമായി നീക്കം ചെയ്തതിനാണ് 5,07,200/- രൂപ ഈടാക്കുന്നതിന് 2015 ലെ KMMC ചട്ടങ്ങളിലെ ഉപചട്ടം 14(4) പ്രകാരം ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ അപ്പീൽ പെറ്റീഷണറുടെ വാദഗതികൾ തള്ളിക്കളഞ്ഞ് ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുകയും പലിശയും അപ്പീൽ പെറ്റീഷണറിൽ നിന്നും ഈടാക്കേണ്ടതാണ്.

7. അപ്പീൽകക്ഷിയുടെ വാദത്തിന്റെയും പ്രസ്തുത പള്ളിയുടെ അംഗമായ ശ്രീ. തോമസ് ജേക്കബിന്റെ വാദങ്ങളുടെയും ജിയോളജിസ്റ്റിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു.മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകിയതിനെ്റ മറവിൽ ടി സ്ഥലത്തു നിന്നും അനധികൃതമായി മണ്ണ് നീക്കം ചെയ്തുവെന്ന് പ്രസ്തുത പള്ളിയിലെ അംഗമായ ശ്രീ. തോമസ് ജേക്കബ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസിൽ നിന്നും പള്ളിയിലെ അംഗങ്ങളുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ അനധികൃത ഖനനം ബോധ്യപ്പെട്ടിട്ടുള്ളതും അതനുസരിച്ച് മഹസ്സർ തയ്യാറാക്കിയിട്ടുള്ളതുമാണ്.അതിനാൽ അനധികൃതമായി മണ്ണ് നീക്കം ചെയ്തിട്ടില്ലെന്ന അപ്പീൽകക്ഷിയുടെ വാദത്തിൽ കഴമ്പുള്ളതായി കാണുന്നില്ല.ഈ സാഹചര്യത്തിൽ ജിയോളജിസ്റ്റ് 18/10/2024-ൽ നൽകിയ ഡിമാന്റ് നോട്ടീസ് നിലനിറുത്തിക്കൊണ്ടും ടി നോട്ടീസിന്റെ അടിസ്ഥാനത്തിൽ അടിയന്തര തുടർ നടപടികൾ സ്വീകരിക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയും പരാമർശം (2) പ്രകാരം ശ്രീ.ജോൺ വർഗ്ഗീസ്, ട്രസ്റ്റീ, ശാലോം മാർ തോമാ ചർച്ച്, തടിയൂർ, കൊളഭാഗം.പി.ഒ, തോട്ടപ്പുഴശ്ശേരി, പത്തനംതിട്ട സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ശ്രീ.ജോൺ വർഗ്ഗീസ്, ട്രസ്റ്റീ, ശാലോം മാർ തോമാ ചർച്ച്, തടിയൂർ, കൊളഭാഗം.പി.ഒ, തോട്ടപ്പുഴശ്ശേരി, പത്തനംതിട്ട.

ശ്രീ. തോമസ് ജേക്കബ്, വള്ളോലിക്കുഴിയിൽ വീട്, കോളഭാഗം, പി.ഒ., തടിയൂർ, തിരുവല്ല, പത്തനംതിട്ട

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, പത്തനംതിട്ട.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sachin V R

സെക്ഷൻ ഓഫീസർ

Date: 24-04-2026 17:48:26